SCOLE
KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com

നം: എ4/5153/18/സ്കോൾ-കേരള                                                                                    തീയതി: 14/09/2018

**പത്രക്കുറിപ്പ്**

## സ്കോൾ-കേരള; വി.എച്ച്.എസ്.ഇ. അഡീഷണൽ മാത്ത്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

സ്കോൾ-കേരള മുഖേനെയുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2018-20 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ ' ബി ' ഗ്രൂപ്പിൽ ഒന്നാം വർഷം പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ് സൈറ്റിൽ ഓൺലൈനായാണ് രജിസ്റ്റർ ചെയ്യേണ്ടത്. രജിസ്ട്രേഷൻ ഫീസ് 500/-രൂപയാണ്. ഓൺലെയിനിൽ രജിസ്റ്റർ ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏത് പോസ്റ്റാഫീസിലും ഫീസ് അടയ്ക്കാവുന്നതാണ്. 2018 സെപ്തംബർ 17 മുതൽ ഒക്ടോബർ 9 വരെ പിഴകൂടാതെയും, ഒക്ടോബർ 12 വരെ 60/-രൂപ പിഴയോട് കൂടിയും ഓൺലെയിൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്. വിശദ വിവരങ്ങൾ സ്കോൾ-കേരള വെബ്സൈറ്റിലെ അഡീഷണൽ മാത്തമാറ്റിക്സ് പ്രോസ്പെക്റ്റസിൽ നിന്നും ലഭിക്കുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷനുശേഷം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റ് ഔട്ടും, ഫീസ് അടച്ച ചെലാനും നിർദ്ദിഷ്ട രേഖകളും സഹിതമുള്ള അപേക്ഷകൾ അതത് വെക്കേഷണൽ സ്കൂൾ പ്രിൻസിപ്പാൾ മുഖാന്തിരം 2018 ഒക്ടോബർ 17 നകം എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ നേരിട്ടോ സ്പീഡ്/രജിസ്ട്രേഡ് തപാൽ വഴിയോ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് 0471-2342950, 2342369, 2342271 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

C4/E/DCA/Letters/Press/43